**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4587** **29-10-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരമുഴി മൈക്രോ ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുക്കം നഗരസഭയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'കാഞ്ഞിരമുഴി മൈക്രോ ഇറിഗേഷൻ' പദ്ധതിയുടെ സവിശേഷതകൾ വ്യക്തമാക്കുമോ; | (എ) | കാഞ്ഞിരമൂഴി മൈക്രൊ ഇറിഗേഷൻ പദ്ധതി Community Micro Irrigation പദ്ധതിയായാണ് നടപ്പിലാക്കുന്നത്. ഇത് Fully Automated Micro Irrigation പദ്ധതിയാണ്. കരാർ ഏറ്റെടുത്ത കമ്പനി, പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം 3 വർഷത്തേക്കുള്ള പരിപാലനം കൂടി ഉൾപ്പെടുത്തിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പദ്ധതിയുടെ എത്ര ഘട്ടത്തിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും, അനുമതി ലഭിച്ച പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | മുക്കം മുനിസിപ്പാലിറ്റിയിൽപ്പെട്ട കാഞ്ഞിര മൂഴിയിൽ 103 ഹെക്ടർ പ്രദേശം കൃഷിയോഗ്യ മാക്കുന്നതിനും നിലവിലുള്ള കൃഷി മെച്ച പ്പെടുത്തുന്നതിനുമായി ആദ്യഘട്ടത്തിൽ 2 ഭാഗങ്ങളായുള്ള എസ്റ്റിമേറ്റിന് മൊത്തം 105.40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഭാഗത്തിൽ പദ്ധതിക്കാവശ്യമായ പമ്പ് ഹൗസ് നിർമ്മാണം, പമ്പും മോട്ടോറും സപ്ലൈ, അതിന്റെ സ്ഥാപിക്കൽ, മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഉൾപ്പെടെയുള്ള പ്രവൃത്തിക്ക് 70 ലക്ഷം രൂപയുടെ ഭരണാനുമതിയും 10 ഹെക്ടർ പ്രദേശത്ത്മൈക്രൊ ഇറിഗേഷൻ സിസ്റ്റം ഡിസൈൻ, സ്ഥാപനം ഉൾപ്പെടെയുള്ള പ്രവൃത്തിക്ക് 35.40 ലക്ഷം രൂപയുടെ ഭരണാനുമതിയുമാണ് നൽകിയിട്ടുള്ളത്. ഇതിൽ ആദ്യ ഭാഗത്തിൽ ഉള്ള പമ്പ് ഹൗസ് നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ സിവിൽ വിഭാഗം പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി കരാറുകാരൻ ഏറ്റെടുത്തിട്ടുണ്ട്. ആദ്യ ഭാഗത്തിൽ തന്നെയുള്ള പമ്പിന്റെയും, മോട്ടോറിന്റെയും ഡിസൈനും എസ്റ്റിമേറ്റും മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ആദ്യ ഘട്ട പ്രവൃത്തിയിൽ രണ്ടാം ഭാഗത്തിലുള്ള മൈക്രൊ ഇറിഗേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് ഡിസൈൻ ഉൾപ്പെടെയുള്ള പ്രവൃത്തി (35.40ലക്ഷം) ടെണ്ടർ ചെയ്തെങ്കിലും ഇതുവരെയും ആരും ഏറ്റെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | രണ്ടാംഘട്ട പദ്ധതിക്ക് എപ്പോൾ അനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 83 ഹെക്ടർ പ്രദേശത്ത് മൈക്രോ ഇറിഗേഷൻ സിസ്റ്റത്തിന്റെ ഡിസൈനും സ്ഥാപനവും, ഇരുവഞ്ഞിപ്പുഴയിൽ ഒരു ചെക്ക് ഡാം നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവർത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | ഇതിൽ ഗുണഭോക്തൃ വിഹിതം ഉദ്ദേശിക്കുന്നുണ്ടോ; ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 83 ഹെക്ടർ പ്രദേശത്ത് മൈക്രോ ഇറിഗേഷൻ സിസ്റ്റത്തിന്റെ ഡിസൈനും സ്ഥാപനവും, ഇരുവഞ്ഞിപ്പുഴയിൽ ഒരു ചെക്ക് ഡാം നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവർത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ